**<u>15 -ാം കേരള നിയമസഭ</u>**

**<u>7 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 329</u>** **<u>05-12-2022 - ൽ മറുപടിയ്ക്ക്</u>**

**<u>റേഷൻകടകൾക്ക് സ്ഥിരം ലൈസൻസി നിയമനം</u>**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ ജി എസ് ജയലാൽ</th><th colspan="2">ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>കൊല്ലം താലൂക്ക് സപ്ലൈ ആഫീസ് പരിധിയിലുള്ള പരവൂർ ചാത്തന്നൂർ ഫർക്കകളിലുൾപ്പെട്ട 231, 236, 238, 246, 276, 281, 287, 300 എന്നീ നമ്പരുകളിലുള്ള റേഷൻകടകൾക്ക് സ്ഥിരം ലൈസൻസികളെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;</td><td>(എ)</td><td>വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><td>എ.ആർ.ഡി 231</td><td>ബഹു.ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ അദാലത്തിൽ ടി കടയുടെ വിഷയം ഉൾപ്പെടുത്തുക യുണ്ടായി. ആശ്രിത നിയമനത്തിനുള്ള അപേക്ഷയിന്മേൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.</td></tr>
<tr><td>എ.ആർ.ഡി 236, എ.ആർ.ഡി 276</td><td>ലൈസൻസി നിയമനത്തിനുള്ള അടുത്തഘട്ട വിജ്ഞാപനത്തിൽ ഉൾപ്പെടുത്തുന്നതാണ്.</td></tr>
<tr><td>എ.ആർ.ഡി 238</td><td>ലൈസൻസിയുടെ മരണത്തെത്തുടർന്ന് ലൈസൻസ് താത്ക്കാലികമായി റദ്ദ് ചെയ്തു. അദാലത്തിൽ പങ്കെടുക്കുന്നതിന് അവകാശികൾക്ക് നോട്ടീസ് അയച്ചിരുന്നുവെങ്കിലും ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിച്ചിട്ടി ല്ലാത്തതിനാൽ അടുത്തഘട്ട വിജ്ഞാപനത്തിൽ ഉൾപ്പെടുത്തുന്നതാണ്.</td></tr>
<tr><td>എ.ആർ.ഡി 246, 281, 287</td><td>ലൈസൻസിയെ നിയമിക്കുന്നതിനായി ആദ്യഘട്ട വിജ്ഞാപനത്തിൽ ഉൾപ്പെടുത്തുകയുണ്ടായി. നടപടികൾ അന്തിമഘട്ടത്തിലാണ്.</td></tr>
<tr><td>എ.ആർ.ഡി 300</td><td>മുൻ ലൈസൻസി കട പുന:സ്ഥാപിച്ചു നൽകുന്നതിന് ബഹു.ഭക്ഷ്യവകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനം പരിശോധിച്ചു വരുന്നു.</td></tr>
</table></td></tr>
<tr><td>(ബി)</td><td>മേൽ പറഞ്ഞിട്ടുള്ള റേഷൻ</td><td>(ബി)</td><td>ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും.</td></tr>
</table>

| | | | |
|---|---|---|---|
| | കടകൾക്കേതിനെങ്കിലും സ്ഥിരം ലൈസൻസികളെ നിയമിക്കാൻ ഇതിനകം നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ; | | |
| (സി) | സ്ഥിരം ലൈസൻസികളെ നിയമിക്കുന്നതിനുള്ള നടപടികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | (സി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ